# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4869 23.03.2018 ലെ മറുപടിയ്ക്ക്

## ആദിവാസി യുവാവ് മതിയായ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം

| | ചോദ്യം<br><br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | തലശ്ശേരി ജനറൽ ആശുപത്രിയിൽ രാജു എന്ന ആദിവാസി യുവാവ് മതിയായ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | രാജു എന്ന ആദിവാസി യുവാവ് തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇരിട്ടി ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടിയ ഇദ്ദേഹത്തെ നില ഗുരുതരമായതിനാൽ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നോ; | ബി) | 23.02.2018-ൽ രാജു ജോലിക്കിടെ വീണതിനെത്തുടർന്ന് കൈയുടെ എല്ല് ഒടിയുകയും ഇരിട്ടി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. ചികിത്സയ്ക്ക് ശേഷം 26.02.2018-ൽ വീട്ടിൽ എത്തിയ രാജുവിന് പനിയും ശ്വാസ തടസ്സവും അനുഭവപ്പെട്ടതിനെത്തുടർന്ന് വീണ്ടും ഇരിട്ടി താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റാക്കുകയും ശ്വാസ തടസ്സം മൂർച്ഛിച്ചതിനെത്തുടർന്ന് 27.02.2018-ൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ അഡ്മിറ്റാക്കുകയുമാണുണ്ടായത്. |

| | | | |
|---|---|---|---|
| സി) | 27/2/18 ന് (ചൊവ്വാഴ്ച) ഉച്ചക്ക് 12 മണിക്ക് പ്രസ്തുത ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തിന് ബുധനാഴ്ച പുലർച്ചെ 5 മണി വരെ ചികിത്സ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | സി) | രാജുവിന് മതിയായ ചികിത്സ ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ബുധനാഴ്ച രാവിലെ 6.30 ന് മരണപ്പെട്ട ഇദ്ദേഹത്തിന്റെ മൃതദേഹം ആറ് മണിക്കൂർ വാർഡിൽ തന്നെ കിടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ഡി) | ബന്ധുക്കൾ എത്തിയ ശേഷം മൃതശരീരം കൊണ്ടുപോകുമെന്ന് രാജുവിന്റെ കൂട്ടിരിപ്പുകാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മൃതദേഹം മോർച്ചറിയിലേയ്ക്ക് കൊണ്ടുപോകാതെ ആശുപത്രിയിൽ സൂക്ഷിക്കുകയും പിന്നീട് ബന്ധുക്കൾ വന്ന് ഏറ്റ് വാങ്ങുകയും ചെയ്തിട്ടുണ്ട്. |
| ഇ) | എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഇ) | കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**